അല്ലാഹു (ത) എല്ലാ മുസ്ലിംകളെയും അനുശാസിക്കുന്നു. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്യോന്യം ഇണക്കി. (സാഹോദര്യത്താലും / സൗഹൃദത്താലും ) 3 : 104 അവൻ..... നിങ്ങളുടെ ഹൃദയങ്ങൾ സമാശ്വാസം കൊള്ളുന്നതിവേണ്ടിയും 3 : 127

ശാസ്ത്രീയ അന്വേഷണം സംശയലേശമന്യേ തെളിയിച്ചിരിക്കുന്നു. ഒരുവന്റെ ചിന്തയും ശാരീരിക സുസ്ഥിതിയും പരസ്പരം ബന്ധിതമാണ് എന്ന് ! ആരോഗ്യ പൂർണ്ണമായ ഒരു ഹൃദയം സംശയലേശമന്യേ ഒരു മനസ്സിനെ ആരോഗ്യമുള്ളതായി സംരക്ഷിക്കുന്നു. അതുപോലെ തിരിച്ചും ഒരുവന്റെ വ്യക്തിത്വം നിർണ്ണയിക്കുന്നത് അവന്റെ ചിന്തയാണ് മറ്റൊരു വാക്കിൽ പറഞ്ഞാൽ നാം എങ്ങനെ ചിന്തിക്കുന്നുവോ അതാണ് നാം. നമ്മുടെ കരുണാവാരിധിയായ രക്ഷകനായ അല്ലാഹു, അവന്റെ കാരുണ്യതിരേകത്താൽ, നമ്മുടെ ചിന്തകളെ നിയന്ത്രിക്കുവാനുള്ള കഴിവ് അവൻ നമുക്ക് നല്കിയിരിക്കുന്നു. അതിലൂടെ ഒരു നല്ല വ്യക്തിത്വം കെട്ടിപ്പടുക്കുക. തിന്മയിലൂന്നിയ വ്യക്തിത്വവിത്ത് വളരുന്നത് തിന്മയിലൂന്നിയ വ്യക്തിത്വ വിത്തുകളിലൂടെയാണ്. അതുപോലെ നന്മയിലൂന്നിയ വ്യക്തിത്വം വളരുന്നത് നന്മനിറഞ്ഞ വ്യക്തിത്വവിത്തുകളിലൂടെയാണ്. ഞാൻ നേരെത്തെ പറഞ്ഞതുപോലെ, ഹൃദയമാണ്, എല്ലാ നന്മകളുടെയും തിന്മകളുടെയും ജനനസ്ഥലം, ആയതിനാൽ, സംശുദ്ധമായ ഒരു ഹൃദയം രൂപപ്പെടുത്തേണ്ടത്. അനിവാര്യമായ കാര്യമാണ്.

നമ്മുടെ നിത്യജീവിതത്തിലുണ്ടാകുന്ന എല്ലാ രീതിയിലുള്ള സ്തോഭജനകമായ വികാരങ്ങളുടെയും കേന്ദ്രമായി ഹൃദയത്തെ സാധാരണയായി കരുതുന്നുവെങ്കിലും, ശാസ്ത്രപുരോഗതിക്ക് ഇതിനെ പറ്റി ചിലതു പറയുവാനുണ്ട്. തീർച്ചയായും ശാസ്ത്രീയമരുന്നുകൾ, ഹൃദയരോഗങ്ങൾക്കെതിരിൽ, അസാധാരണമായ പുരോഗതി നല്കിയിട്ടുണ്ട്. നിർവ്വികാരമായ ഒരു പമ്പ് എന്ന നിലയിൽ ഹൃദയത്തെ ചികിത്സക്കുമ്പോൾ, ഡോക്ടർമാർക്ക്, പേസ്മേക്കേഴ്സ് (ചില ഹൃദ്രോരികളിൽ ഹൃദയസ്പർശനം ക്രമീകരിക്കുവാൻ ഉപയോഗിക്കുന്ന ഉപകരണങ്ങൾ) സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അവരത് പ്രവർത്തിപ്പിക്കുന്നു. ഹൈടെക്ക് മരുന്നുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട്. അതായത് കൃത്രിമ ഹൃദയം സൃഷ്ടിക്കുന്നതിലൂടെ (അല്ലാഹുവിന്റെ അനുവാദത്തോടെയും, അവനിൽ നിന്നുള്ള അറിവിന്റെയും സഹായത്താൽ) ശാരീരകവും ആത്മീയമായ ഈ വേർപെടൽ ഇവിടെ വ്യക്തമാണ്. എന്നാൽ ആത്മീയമായും, വൈകാരികമായും പറഞ്ഞാൽ, ഹൃദയത്തെ ആലങ്കാരിക ഭാഷയിൽ

ഉപയോഗിച്ചിരിക്കുന്നത്, നമ്മുടെ ആന്തരിക വിചാരവികാരങ്ങളുടെ നിയന്ത്രണ കേന്ദ്രമായിട്ടാണ് ഈ ഭാഗം എപ്പോഴും വൃത്തിയായും, നിഷ്കളങ്കമായും, സംശുദ്ധമായും സൂക്ഷിക്കേണ്ടാതാണ് എന്നത് ഒരു വസ്തുതയാണ്. അതുപോലെ ഭൗതിക കാഴ്ചപ്പാടിൽ പറഞ്ഞാൽ, ഹൃദയം നമ്മുടെ ശരീരത്തിന്റെ പ്രധാനഭാഗമാകുന്നു, അതിനെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. ഇതിനായി നാം എത്ര കൂടുതൽ ശ്രദ്ധ കൊടുക്കുന്നുവോ, നാം അത്രത്തോളം ആരോഗ്യത്തോടെ ജീവിക്കുന്നതാണ്.

ഒരു നിഷ്കളങ്ക മുസ്ലീം, തന്റെ ഹൃദയത്തെ സമയാസമയങ്ങളിൽ പരിശോധിച്ചു കൊണ്ടിരിക്കണം, അതായത് മറ്റുള്ളവരോടുള്ള തന്റെ വികാരങ്ങൾ അനുകമ്പാ പൂർവ്വമാണോ, തന്റെ വികാരങ്ങൾ അനുകമ്പപൂർവ്വമാണോ, തന്റെ ലക്ഷ്യങ്ങൾ സത്യാധിഷ്ഠിതമാണോ, മറ്റുള്ളവരെ സ്നേഹിക്കുന്നതാണോ എന്ന് തന്റെ ഹൃദയത്തെ സമയാസമയങ്ങളിൽ പരിശോധിച്ചുകൊണ്ടിരിക്കണം. അതായത് മറ്റുള്ളവരോട് തന്റെ വികാരങ്ങൾ അനുകമ്പാപൂർവ്വമാണോ, തന്റെ അത്തരം ഹൃദയം വിനയത്തിന്റെയും, നിഷ്കളങ്കതയുടെയും, സത്യത്തിന്റെയും, വിശ്വാസ്യതയുടെയും, സൗഹാർദ്ദത്തിന്റെയും, ധൈര്യത്തിന്റെയും, ദയയുടെയും, സ്നേഹത്തിന്റെയും മികച്ച ഉദാഹരണമായിരിക്കും. ഹൃദയം എല്ലാവികാരങ്ങളുടേയും ഇരിപ്പിടമാകുന്നു, ആത്മാവിന്റെയും, മനസ്സിന്റെയും, ധൈര്യത്തിന്റെയും തുടങ്ങി പലതിന്റെയും ഇരിപ്പിടമാണ്. ഒരാൾ ഒരു വ്യക്തിയോട് നന്ദി പ്രകാശിപ്പിക്കുമ്പോൾ, അയാൾ തന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നുമാണ് അത് പ്രകാശിപ്പിക്കേണ്ടത്. ഒരുവൻ വേദനയിലകപ്പെടുമ്പോൾ, ഹൃദയംഗമായി അതിൽ പങ്കുചേരുക. ഒരു വ്യക്തി ധൈര്യവാനാണെങ്കിൽ നാം അവനെ സിംഹഹൃദയമുള്ളവൻ എന്ന് വിശേഷിപ്പിക്കുന്നു. ആത്മാർത്ഥത പ്രകടിപ്പിക്കുവാൻ നാം ഉപയോഗിക്കുന്നത് ഹൃദയഭേദകമായ കാര്യമായിപോയി. അപ്രതീക്ഷിതമായ ഒരു വാർത്ത അഥവാ ഒരു സംഭവം ഹൃദയത്തെ പിടിച്ചു കുലുക്കി എന്നുവരാം, ഒരു വസ്തുതയുടെ യാഥാർത്ഥ്യം / സത്ത മനസ്സിലായോ എന്നതിന്. അക്കാര്യത്തിന്റെ ഹൃദയം പിടികിട്ടിയോ എന്നു ചോദിക്കും. നിങ്ങളൊരു വ്യക്തിയെ വിവരണാതീതമായി ഇഷ്ടപ്പെടുന്നുവെങ്കിൽ, നിങ്ങൾ പറയും അവനെന്റെ ഹൃദയത്തിലുണ്ട്. ഹൃദയത്തിന്റെ മാറ്റം പറയാതിരിക്കുന്നത് ശരിയല്ല. മനുഷ്യനിൽ നിഷ്പതമായിരിക്കുന്ന അപൂർവ്വ മാനവ സവിശേഷതകളിൽപ്പെട്ട ഒന്നാണ് അത്. മറ്റൊരു സൃഷ്ടികൾക്കും നല്കപ്പെടാത്തതുമാണ്. ചില ആളുകൾക്ക് ചിലപ്പോൾ ഹൃദയത്തിന് മാറ്റമുണ്ടാകാം. മറ്റു ചിലരുടെ ഹൃദയങ്ങൾ പാറകൊണ്ട് നിർമ്മിച്ചതാകാം.

ഇസാബ്നു മർയം (അ) പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. നിങ്ങളുടെ രക്ഷകനായ ദൈവത്തെ മുഴുഹൃദയത്തോടെയും, മുഴു ആത്മാവോടെയും, മുഴുമനസ്സോടെയും സ്നേഹിക്കേണ്ടതാണ്. (മത്തായി 22 : 37) ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ (സ) യും സംശുദ്ധവും നിഷ്കളങ്കവുമായ ഹൃദയത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിവരിച്ചിരിക്കുന്നു.

ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു മനുഷ്യ ശരീരത്തിൽ ഒരു മാംസകഷണമുണ്ട്. അത് ആരോഗ്യമുള്ളതായാൽ മനുഷ്യന്റെ മുഴുശരീരവും ആരോഗ്യമുള്ളതായി തീരും. ഇത് അനാരോഗ്യമുള്ളതായി തീർന്നാൽ മുഴുശരീരവും അനാരോഗ്യമുള്ളതായി തീരുന്നതാണ്. അറിയുക ! അതാണ് ഹൃദയം (ബുഖാരി)

നമ്മുടെ എല്ലാവിധ വിചാരവികാരങ്ങളുടെയും ഉറവിടം മനുഷ്യ ഹൃദയമാണെന്ന് ഈ വിശദീകരണത്തിലൂടെ നമുക്ക് ബോധ്യമാകുന്നു. ഒരാളിന്റെ ഹൃദയം സത് ചിന്തകളാൽ മുഖരിതമായാൽ, അപ്പോൾ അവന്റെ വീഥി നിറയെ സത്പ്രവർത്തനത്താൽ നിറയുന്നതാണ്. അതുപോലെ ഒരുവന്റെ ഹൃദയം മുഴുവൻ ദുഷ് ചിന്തകളാൽ നിറയപ്പെട്ടാൽ, അവന്റെ പാതമുഴുവൻ തിന്മയും നിരാശയുമായിരിക്കും.

ചിന്തകളും ആശയങ്ങളും ഹൃദയത്തിലാണ് ജനിക്കുന്നത്. പൂന്തോട്ടത്തിലെ ഒരു വിത്തുപോലെ ! പെട്ടന്ന് അത് വളർന്ന പന്തലിക്കുന്നു. ഹൃദയ നൈർമല്യത, നന്മയുടെ വൃക്ഷം വളർന്നു പന്തലിക്കുവാൻ ഉത്തേജിപ്പിക്കുന്നു. കാര്യത്തിന്റെ കാതലായഭാഗം, ഒരു വന്റെ ഹൃദയം നല്ല രൂപത്തിലാണെങ്കിൽ, അപ്പോൾ, അവന്റെ കൈകളും, കാലുകളും, നാവും, മനസ്സും, നല്ലരീതിയിൽ തന്നെ പ്രവർത്തിക്കും.

സർവ്വസ്തുതിയും അല്ലാഹുവിന് മാത്രമുള്ളതാകുന്നു. ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. നമ്മെ എല്ലാവരെയും നമ്മുടെ ഹൃദയം ശുദ്ധിയാക്കുവാൻ അവൻ സഹായിക്കട്ടെ ! വിശുദ്ധമായി തീരട്ടെ നമ്മുടെ ഹൃദയങ്ങൾ ! അപ്പോൾ മോശമായ ചിന്തകൾക്കും ആശയങ്ങൾക്കും അവിടെ പ്രവേശനമില്ല ഹൃദയ നൈർമല്യം മാത്രം അവിടെ കുടികൊള്ളും.

ഇൻശാ അല്ലാഹ് ! ആമീൻ

**Translated by**
**R. Jamaludin Raother**
**Amir Jamaat - ul - sahih-al- Islam**
**South Zone, Kerala,**
**Ph : 9447001832, 0475-2220223**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam**

This document was created with the Win2PDF “print to PDF” printer available at
http://www.win2pdf.com

This version of Win2PDF 10 is for evaluation and non-commercial use only.

This page will not be added after purchasing Win2PDF.

http://www.win2pdf.com/purchase/